**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 816** **14-01-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം, എന്നീ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതി കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു. 1) കാരാന്താട് കോളനി 25% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2) മടക്കാംപൊയിൽ കോളനി 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും കോളനികൾ തെരഞ്ഞെടുത്തിട്ടില്ല. 2019-20 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതി കോളനികൾ ചുവടെ ചേർക്കുന്നു. 1. കുക്കാനം കോളനി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2. വള്ളുവ കോളനി - എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (2017-18)പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പട്ടികവർഗ്ഗ കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു. 1. പട്ടുവയൽ - ഭവന നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. കോളനിയ്ക്കകത്തുള്ള നടപ്പാത നിർമ്മാണം പൂർത്തിയായി. 2. എയ്യൻകല്ല്: ടി കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 2020-21 വർഷം ടി പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ വാങ്ങോട്-വാച്ചാൽ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) | 2020-21 ലേത് ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ 2021 ഫെബ്രുവരി 15-ന് മുമ്പ് പൂർത്തീകരിക്കുന്നതിന് 30.12.2020 ലെ മന്ത്രിതല റിവ്യൂ മീറ്റിംഗിൽ ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ